ഗുണനിലവാര പ്രശ്നങ്ങൾ പഠിക്കാനായി സംസ്ഥാനത്തെ 304 സാധാരണ നിരീക്ഷണ കിണറുകളുടേയും 447 നിരീക്ഷണ കുഴൽ കിണറുകളുടേയും ജല സാമ്പിളുകൾ ഒരു വർഷത്തിൽ നാലു തവണ ശേഖരിച്ച് ജലപരിശോധന നടത്തുന്നു.

(സി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ദുരുപയോഗവും ചൂഷണവും തടയുന്നതിന് വേണ്ടി 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് നിലവിൽ വന്നു. ഇതനുസരിച്ച് 15-1-2004-ൽ കേരള ഭൂജല അതോറിറ്റി നിലവിൽ വന്നു. അമിത ഭൂജല ചൂഷണം ചെയ്യപ്പെടുന്ന പ്രദേശങ്ങളെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിക്കുവാൻ ഭൂജല അതോറിറ്റിക്ക് സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശത്ത് പുതിയതായി കിണർ കുഴിക്കുവാൻ അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തെ എല്ലാ കിണറുകളും (ഗാർഹികാവശ്യത്തിനുള്ള തുറന്ന കിണർ ഒഴിച്ച്) രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതു വഴി ആ പ്രദേശത്തെ നിലവിലുള്ള കിണറുകളെക്കുറിച്ച് കൃത്യമായി രേഖയുണ്ടാവുകയും ഭാവിയിൽ ഭൂജലം ശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതിന് സഹായകമായിത്തീരുകയും ചെയ്യുന്നു.

ഉൾനാടൻ മത്സ്യമേഖലയിലെ മത്സ്യോൽപ്പാദനശേഷി

*25 [527] ശ്രീ. ടി. കെ. ദേവകുമാർ:
" പി. സി. ജോർജ്:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യമേഖലയിലെ മത്സ്യോൽപ്പാദനശേഷി മതിയായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) ഈ മേഖലയിൽ ഒട്ടേറെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനവും അതിനോടനുബന്ധമായ ജോലികളും ചെയ്ത് ഉപജീവനം കഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) മത്സ്യ കർഷക വികസന ഏജൻസികൾ, ഓരുജല മത്സ്യ കർഷക ഏജൻസി, അഡാക്ക്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം ഈ മേഖലയുടെ വികസന പരിപാടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly